# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1317** **11/06/2019 -ൽ മറുപടിയ്ക്ക്**

**എൽ.പി.എസ്.എ. (മലയാളം) ഒഴിവുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.പി.എസ്.എ. (മലയാളം) തസ്തികയുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി വകുപ്പിന് ബാധകമാകാത്തതിന്റെ കാരണം വിശദമാക്കാമോ; | എ) & ബി) | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. 1924/16 ൽ 10.08.2018-ലെ ഉത്തരവിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ അപ്പീൽ ഹർജി നിലനിൽക്കുന്നതിനാൽ ട്രൈബ്യൂണൽ ഉത്തരവിൻമേൽ തൽക്കാലം തുടർ നടപടികൾ സ്വീകരിക്കാൻ കഴിയില്ല. |
| ബി) | പ്രസ്തുത വിധി (10.08.2018-ലെ ഒ.എ. 1924/16) ബാധകമാണെങ്കിൽ തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ. (മലയാളം) തസ്തികയിലെ 169 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ വൈകുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | | |
| സി) | പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ ഏത് ഉദ്യോഗസ്ഥനാണ് വീഴ്ച വരുത്തിയത് എന്നറിയിക്കാമോ; ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ; | സി) | ഈ വിഷയത്തിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുള്ളതായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. |
| ഡി) | പ്രസ്തുത കോടതി ഉത്തരവ് നടപ്പാക്കുന്നതിനായി 17.10.2018, 05.01.2018 തീയതികളിൽ എ 5/56097/18 നം. ഉത്തരവിലൂടെ ഡി.പി.ഐ. ആവശ്യപ്പെട്ടെങ്കിലും ഡി.ഡി.ഇ. നടപടി സ്വീകരിക്കാത്തതിന്റെ വിശദീകരണം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | ഡി) | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിയ്ക്കെതിരെ ബഹു. കേരള ഹൈക്കോടതിയിൽ അപ്പീൽ ഹർജി നിലവിൽ ഉള്ളതിനാൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നില്ല. |

| | | | |
|---|---|---|---|
| ഇ) | കോടതി ഉത്തരവുകളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും നിരവധി തവണ ആവശ്യപ്പെട്ടിട്ടും നടപടി സ്വീകരിക്കാത്തതിനാൽ തിരുവനന്തപുരം ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിലുള്ള എൽ.പി.എസ്.എ. ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കാനും ഉദ്യോഗാർത്ഥികൾക്ക് നീതി ലഭ്യമാക്കാനും ആരെയാണ് സമീപിക്കേണ്ടതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ; നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത വേക്കൻസി എന്നത്തേക്ക് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയും എന്നറിയിക്കാമോ; വിശദാംശം നൽകുമോ ? | ഇ) | ബഹു. കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന ഒ. പി. (കെ.എ.റ്റി) നം. 350/2018 അപ്പീലിൻമേലുള്ള അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

Ushakumari

**സെക്ഷൻ ഓഫീസർ**